**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1237** **14-03-2022 - ൽ മറുപടിയ്ക്ക്**

**കൈത്തറി മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പാപ്പിനിശ്ശേരിയിൽ പ്രഖ്യാപിച്ചിട്ടുള്ള കൈത്തറി മ്യൂസിയം പദ്ധതിയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | മ്യൂസിയം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | കൈത്തറി മ്യൂസിയം എന്ന നിലയിൽ ഭരണാനുമതി നൽകിയിട്ടില്ല. കൈരളി ഹരിജൻ വീവേഴ്സ് സൊസൈറ്റിയുടെ ഓവറോൾ എൻഹാൻസമെന്റ് എന്ന പദ്ധതിയ്ക്കായി പട്ടികജാതി വകുപ്പിന്റെ ഫണ്ട് വഴി ടൂറിസം വകുപ്പ് നടപ്പിലാക്കാൻ ഭരണാനുമതിയായ പദ്ധതിയാണിത്. 143 ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പട്ടികജാതി പട്ടിക വർഗ വകുപ്പാണ് ഭരണാനുമതി നൽകിയത് . ടൂറിസം വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരമാണ് ഭരണാനുമതി നൽകിയത്. കണ്ണൂർ ഡിറ്റി.പിസിയെയാണ് നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തിയത്. പ്രസ്തുത പദ്ധതിയുടെ DPR തയ്യാറാക്കുന്നതിന് GITPAC എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരുന്നത്. എന്നാൽ DPR GITPAC സമർപ്പിച്ചത് 2021 ലാണ്. പ്രസ്തുത DPR ടൂറിസം വീക്ഷണത്തിലുള്ളത് അല്ലാത്തതിനാൽ ബഹു. അഴിക്കോട് MLA യുടെ നേതൃത്വത്തിൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി യോഗങ്ങൾ ചേർന്നു. 30/11/2021 തീയ്യതിയിൽ പ്രസ്തുത സെന്ററിൽ ബഹു. അഴീക്കോട് MLA ശ്രീ. K. V സുമേഷ് അവർകളുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം താഴെ പറയുന്ന നിർദേശങ്ങൾ കൈക്കൊണ്ടിരുന്നു. പ്രസ്തുത സൊസൈറ്റി പഴയ സ്ഥലം നഷ്ട്ടപ്പെട്ട് പുതിയ സ്ഥലം വാങ്ങിയതിനാൽ പദ്ധതി ടൂറിസം കാഴ്ച്ചപ്പാടിൽ നവീകരിച്ച് പുതുക്കി കൈത്തറി മ്യൂസിയം ഉൾപ്പെടുന്ന പദ്ധതി രൂപവൽക്കരിക്കാൻ തീരുമാനിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട് വിശദമായ കൺസെപ്റ്റ് നോട്ട് ആവിഷ്കരിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ DPR |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി ടൂറിസം വകുപ്പ് മുഖാന്തിരം പട്ടിക ജാതി വകുപ്പിന് സമർപ്പിക്കാനും തീരുമാനിച്ചിരുന്നു. തുടർന്ന് 30/12/2021 ന് ബഹു. അഴീക്കോട് MLA ശ്രീ. K.V സുമേഷ് അവർകളുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാന പ്രകാരം വിശദമായ DPR തയ്യാറാക്കുന്നതിന് ULCCS-യെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. ഒരു കോടി അമ്പതു ലക്ഷം രൂപ തനത് ഫണ്ടിൽ നിന്ന് കൈരളി സൊസൈറ്റിയും പദ്ധതിക്കായി മാറ്റി വെക്കാമെന്ന് സൊസൈറ്റി ഭാരവാഹികൾ അറിയിച്ചിട്ടുണ്ട്. ടൂറിസം വീക്ഷണ കോണിൽ നിന്നും Concept Note തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ULCCS യ്ക്ക് നിർദേശം നല്കിയിട്ടുള്ളതുമാണ്. |
| (സി) | പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പുതുക്കിയ പദ്ധതി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകിയതിനുശേഷം തുടർ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ